## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3338** 14.10.2011-ൽ മറുപടിക്ക്

### സമഗ്ര മാലിന്യ വിമുക്ത പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.റ്റി. ബൽറാം :<br>,, പി.സി. വിഷ്ണുനാഥ് :<br>,, അൻവർ സാദത്ത് :<br>,, ഐ.സി. ബാലകൃഷ്ണൻ : | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) സമഗ്ര മാലിന്യവിമുക്ത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ എന്തൊക്കെയാണ് ; | എ) സംസ്ഥാനത്ത് മാലിന്യ നിർമ്മാർജ്ജനം ലക്ഷ്യം വച്ചുകൊണ്ട് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ശക്തമായ ഒരു സമ്പൂർണ്ണ ശുചിത്വ കാമ്പേയിൻ 2011 ഒക്ടോബർ 2 മുതൽ ഒരു വർഷത്തേയ്ക്ക് ഒരു ജനകീയ സംരംഭമായി സംഘടിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ജലസ്രോതസ്സുകളിലെ മാലിന്യ നിർമ്മാർജ്ജനവും ഈ കാമ്പയിന്റെ ഒരു പ്രധാന ലക്ഷ്യമാണ്. ഈ കാമ്പയിൻ വിജയകരമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ മാലിന്യ സംസ്ക്കരണ സംവിധാനം ശക്തമാക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനും ഈ ആവശ്യത്തിലേയ്ക്കുള്ള തുക നടപ്പു സാമ്പത്തിക വർഷം എസ്.ഡി.ജി യിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിനും സർക്കാർ ഉത്തരവായിട്ടുണ്ട്.<br>1. സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മേജർ മുനിസിപ്പാലിറ്റികളിലും ഖരമാലിന്യ സംസ്കരണത്തിന് ആധുനിക സാങ്കേതിക വിദ്യ |

ഉപയോഗിച്ചു കൊണ്ടുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതി നുള്ള പ്രാരംഭ നടപടി.

2. ചെറുതും ഇടത്തരവുമായ മുനിസിപ്പാലിറ്റികളിലെ നിലവിലുള്ള ഖരമാലിന്യ സംസ്കരണ സംവിധാനങ്ങളിലെ പോരായ്മകൾ പരിഹരിക്കുന്നതിനും അവയുടെ നിലവാരം ഉയർത്തുന്നതിനുമായുള്ള നടപടി.
3. പൊതു സ്ഥലങ്ങളിൽ ഇ-ടോയ്ലറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി
4. ബൃഹത്തായ Information Education and Communication (IEC) Programmes സംസ്ഥാന തലത്തിൽ.
5. ഖരമാലിന്യ സംസ്കരണം സ്വമേധയാ നടപ്പാക്കുന്ന സ്വകാര്യ വ്യക്തികൾക്കുള്ള സബ്സിഡി നിരക്ക് വർദ്ധിപ്പിക്കുന്നതിനും അതുമായി ബന്ധപ്പെട്ട് നഗരപ്രദേശങ്ങളിലേയ്ക്കുള്ള ഫണ്ട് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി.
6. ശുചിത്വമിഷൻ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി.

**ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് പഞ്ചായത്തുകൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകാൻ ഉദ്ദേ ശിക്കുന്നത്;**

ബി) മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഏറ്റെടുക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് പദ്ധതി തുകയുടെ 60% മോ പരമാവധി 7½ ലക്ഷം രൂപയോ സമ്പൂർണ്ണ ശുചിത്വ കാമ്പേയിന്റെ ഫണ്ടിൽ നിന്ന് നൽകി വരുന്നു. കൂടാതെ ഗ്രാമപഞ്ചായത്തുകളുടെ സമഗ്ര മാലിന്യ സംസ്ക്കരണ പദ്ധതിയിൽ ഉൾപ്പെടുത്താത്ത സർക്കാർ സ്കൂളുകൾ. സർക്കാർ ഹോസ്പിറ്റലുകൾ, സർക്കാർ ഹോസ്റ്റലുകൾ, പഞ്ചായത്ത്

ഹോസ്റ്റലുകൾ, പഞ്ചായത്ത് മാർക്കറ്റുകൾ, മാംസഉൽപാദന വിപണന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഖരമാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തയ്യാറാക്കുന്ന പദ്ധതികൾക്ക് അടങ്കൽ തുകയുടെ 75% മോ പരമാവധി 4 ലക്ഷം രൂപയോ സംസ്ഥാന ശുചിത്വ കാമ്പേയിന്റെ ഫണ്ടിൽ നിന്ന് നൽകി വരുന്നു. ഇപ്രകാരം നൽകി വരുന്ന ഭാഗിക സാമ്പത്തിക സഹായം പദ്ധതി തുകയുടെ 75% മോ പരമാവധി 35 ലക്ഷം രൂപയോ ആയി ഉയർത്തുന്ന കാര്യം പരിഗണിച്ചു വരുന്നു.

| | | | |
|---|---|---|---|
| സി) | **വീടുകളിൽ ഉണ്ടാകുന്ന മാലിന്യം ങ്ങൾ എങ്ങനെ കൈകാര്യം ചെയ്യാനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം;** | സി) | വീടുകളിൽ ഉണ്ടാകുന്ന ജൈവ മാലിന്യം ഏതെങ്കിലും തരത്തിലുള്ള കമ്പോസ്റ്റിങ്ങ് (മണ്ണിര കമ്പോസ്റ്റിങ്ങ്, റിംഗ് കംമ്പോസ്റ്റിങ്ങ്, ബയോഗ്യാസ് പ്ലാന്റ്) സമ്പ്രദായം മുഖേന നിർമ്മാർജ്ജനം ചെയ്യാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. അതിലേയ്ക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി നൽകുന്ന പദ്ധതികൾക്ക് സാങ്കേതിക അനുമതിയും, ഭാഗിക സാമ്പത്തിക സഹായവും ശുചിത്വമിഷൻ വഴി നൽകി വരുന്നു. |
| ഡി) | **പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി സന്നദ്ധ സംഘടനകളുടേയും, എൻ.ജി.ഒ കളുടെയും പങ്കാളിത്തം ഉറപ്പാക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം ?** | ഡി) | വീടുകളിൽ ഉണ്ടാകുന്ന മാലിന്യ സംസ്ക്കരണ പദ്ധതികൾ ഏറ്റെടുത്തു നടത്തുന്നതിലേയ്ക്കായി 23 സർവ്വീസ് പ്രൊവൈഡർമാരെ (സന്നദ്ധ സംഘടനകൾ ഉൾപ്പെടെയുള്ളവരെ) തെരഞ്ഞെടുത്ത് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കൂടുതൽ സർവ്വീസ് പ്രൊവൈഡർമാരെ ഉൾപ്പെടുത്തി ലിസ്റ്റ് വിപുലീകരിക്കാനും നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ